**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3327** **13-07-2022 - ൽ മറുപടിയ്ക്ക്**

**തോട്ടങ്ങളിലെ നിശ്ചിത ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തോട്ടങ്ങളിലെ നിശ്ചിത ഭൂമി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ തോട്ടം (Plantation)എന്ന നിലയിൽ ഇളവ് അനുവദിക്കപ്പെടാത്ത ഭൂമിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു യാതൊരു തടസ്സവുമില്ല. കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(1)(e) പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്ക് ഉള്ളൂ. കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 83പ്രകാരം 01/01/1970-നു ശേഷം കേരളത്തിലാരും പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വെയ്ക്കുവാൻ പാടില്ല. എന്നിരുന്നാലും പൊതുതാല്പര്യം പരിഗണിച്ച് വാണിജ്യ, വ്യവസായ, വിദ്യാഭ്യാസ കാര്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയെ വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഭൂപരിധിയിൽ നിന്ന് ഒഴിവാക്കാൻ കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(3)(b)പ്രകാരം സർക്കാരിന് അധികാരമുണ്ട്. കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(4)പ്രകാരം തോട്ടഭൂമിയുടെ (Plantation) അഞ്ച് ശതമാനത്തിൽ അധികരിക്കാത്ത വിസ്തീർണ്ണം പുഷ്പകൃഷി, വാനില, മെഡിസിനൽ പ്ലാന്റ്സ്, മറ്റ് കാർഷിക വിളകൾ, ഡയറി ഫാമുകൾ, റിസോർട്ട്, ഹോട്ടൽ, മറ്റു വിനോദ സഞ്ചാര പദ്ധതികൾ എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. |
| (ബി) | ഇക്കാര്യങ്ങളിൽ സംരംഭകർക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ തോട്ടം (Plantation)എന്ന നിലയിൽ ഇളവ് അനുവദിക്കപ്പെടാത്ത ഭൂമിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു യാതൊരു തടസ്സവുമില്ല. കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(1)(e) പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്ക് ഉള്ളൂ. കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 83പ്രകാരം |

| | | | |
|---|---|---|---|
| | | | 01/01/1970-ന ശേഷം കേരളത്തിലാരും പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വെയ്ക്കുവാൻ പാടില്ല. എന്നിരുന്നാലും പൊതു താല്പര്യം പരിഗണിച്ച് വാണിജ്യ, വ്യവസായ, വിദ്യാഭ്യാസ കാര്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയെ വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഭൂപരിധിയിൽ നിന്ന് ഒഴിവാക്കാൻ കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(3)(b)പ്രകാരം സർക്കാരിന് അധികാരമുണ്ട്. കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(4)പ്രകാരം തോട്ടഭൂമിയുടെ (Plantation) അഞ്ച് ശതമാനത്തിൽ അധികരിക്കാത്ത വിസ്തീർണ്ണം പുഷ്പകൃഷി, വാനില, മെഡിസിനൽ പ്ലാന്റ്സ്, മറ്റ് കാർഷിക വിളകൾ, ഡയറി ഫാമുകൾ, റിസോർട്ട്, ഹോട്ടൽ, മറ്റു വിനോദ സഞ്ചാര പദ്ധതികൾ എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ